പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1790 — 22.03.2012 - ൽ മറുപടിയ്ക്ക്

**പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റിൽവച്ച് രഘു കൊല്ലപ്പെട്ട കേസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റിൽവച്ച് രഘു എന്നയാൾ കൊല്ലപ്പെട്ട കേസിൽ മുഴുവൻ പ്രതികളേയും പിടികൂടിയിട്ടുണ്ടോ; | (എ) ഇല്ല. മൂന്നാം പ്രതിയെ തിരിച്ചറിഞ്ഞ് അറസ്റ്റുചെയ്യുവാനുണ്ട്. |
| (ബി) ഈ കേസിൽ ആകെ പ്രതികൾ എത്ര; ഇതിൽ പിടികൂടിയവർ ആരൊക്കെ; ഇവരുടെ തൊഴിൽ എന്താണ്; ഇവരിൽ ആർക്കൊക്കെ, എന്തൊക്കെ കേസ്സുകൾ മുൻപ് ഉണ്ടായിട്ടുണ്ട്; | (ബി) ഈ കേസിൽ ആകെ മൂന്ന് പ്രതികൾ ഉള്ളതിൽ ഒന്നും രണ്ടും പ്രതികളായ 1) സന്തോഷ്, ഇൻറീരിയർ ഡെക്കറേറ്റിംഗ് സൂപ്പർവൈസർ കാസ ഡെക്കറേറ്റേഴ്സ്, വാഴക്കുളം 2) സതീഷ്, സിവിൽ പോലീസ് ഓഫീസർ, സിറ്റി എ.ആർ. ക്യാമ്പ്, തിരുവനന്തപുരം എന്നിവരെ അറസ്റ്റ് ചെയ്യുകയും ഇതിൽ ഒന്നാം പ്രതിയായ സന്തോഷിനെതിരെ പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 798/2003 u/s 406, 34 IPC പ്രകാരം കേസ് നിലവിലുണ്ട്. |
| (സി) പ്രസ്തുത കേസിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (സി) അന്വേഷണം പൂർത്തിയാക്കി ഒന്നും രണ്ടും പ്രതികൾക്കെതിരെ കുറ്റപത്രം തയ്യാറാക്കി പ്രോസിക്യൂഷൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മൂന്നാം പ്രതിയെ അറസ്റ്റ് ചെയ്യുന്നതിലേക്കായി ഊർജ്ജിതാന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ